അധ്യായം

02



# ലോകം ഇരുപതാം നൂറ്റാണ്ടിൽ

BIJU KK, HST SS, GHSS TUVVUR, MALAPPURAM.




**BIJU KK, HST SS, GHSS TUVVUR, MALAPPURAM.**

# ആഫ്രിക്കൻ വൻകരയിലെ രാജ്യങ്ങളുടെ അതിരുകൾ നേർരേഖയിലായത് എന്തുകൊണ്ട്?


-വിഭവങ്ങൾ തേടി ആഫ്രിക്കയിൽ എത്തിയ യൂറോപ്യൻമാർ ആഫ്രിക്കയെ വീതംവെച്ചെടുത്തു.

-യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഭൂപടത്തിൽ അതിർത്തികൾ വരച്ച് ആഫ്രിക്കയെ വീതം വച്ചതുകൊണ്ട് അതിരുകൾ നേർരേഖയിലായി.

BIJU KK, HST SS, GHSS TUVVUR, MALAPPURAM.



BIJU KK,  HST SS, GHSS TUVVUR, MALAPPURAM.



BIJU KK, HST SS, GHSS TUVVUR, MALAPPURAM.

# എന്താണ് കോളനി വൽക്കരണം

–യൂറോപ്പിൽ വൻകിട വ്യവസായങ്ങളുടെ വരവ് ഉൽപാദനം ആഭ്യന്തര ആവശ്യത്തിന് വേണ്ടതിനെക്കാൾ വൻതോതിൽ ഉയർത്തി.

–അവ വിറ്റഴിക്കാൻ ആഭ്യന്തര കംമ്പോളം മാത്രം മതിയായിരുന്നില്ല.

–ഇത് യൂറോപ്പിലെ വ്യാവസായിക രാജ്യങ്ങൾ തമ്മിൽ കമ്പോളത്തിനുവേണ്ടിയുള്ള മത്സരത്തിന് കാരണമായി.

BIJU KK,  HST SS, GHSS TUVVUR, MALAPPURAM.

# എന്താണ് മുതലാളിത്ത സമ്പദ്‌വ്യവസ്ഥ.

–വ്യവസായ വിപ്ലവത്തിന്റെ ഫലമായി ഉൽപാദനം ഫാക്ടറികളലേയ്ക്ക് മാറി.

–ഫാക്ടറികളിൽ മൂലധന നിക്ഷേപം നടത്തി മുതലാളിമാർ ഉൽപാദനം വർദ്ധിപ്പിച്ചു.

–ഇത് മുതലാളിമാരുടെ ലാഭത്തിൽ വർധനയുണ്ടാക്കി.

–ലാഭം ലക്ഷ്യമാക്കി ഉൽപാദനവും വിതരണവും സ്വകാര്യ വ്യക്തികൾ നിയന്ത്രിച്ചിരുന്ന സമ്പദ്‌വ്യവസ്ഥ മുതലാളിത്തം എന്നറിയപ്പെട്ടു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM.

–അവർ ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളിൽ കച്ചവട ബന്ധങ്ങൾ സ്ഥാപിച്ചു.

–ഇവിടങ്ങളിൽ യൂറോപ്യൻ രാജ്യങ്ങൾ രാഷ്ട്രീയാധികാരവും സൈനിക ശേഷിയും ഉപയോഗിച്ച് സാമ്പത്തിക ചൂഷണം നടത്തി.

–പിന്നീട് ഈ രാജ്യങ്ങൾ യൂറോപ്യൻമാരുടെ കോളനികളായി മാറിയ പ്രക്രിയ കോളനിവൽക്കരണം എന്നറിയപ്പെട്ടു.

# വ്യവസായ വിപ്ലവം കോളനി വൽക്കരണത്തിന് കാരണമായതെങ്ങനെ? ഫ്ലോചാർട്ട്

-വ്യവസായ വിപ്ലവം.
-ഫാക്ടറികളുടെ വരവ്.
-വൻകിട മൂലധന വ്യവസായങ്ങളുടെ വരവ്.
-വൻതോതിലുള്ള ഉൽപ്പാദന വർധനവ്.
-ആഭ്യന്തര കമ്പോളങ്ങൾ തികയാതെ വന്നത്.
-ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലേക്ക് കച്ചവടം വ്യാപിപ്പിച്ചത്.
-ഇവിടങ്ങളിൽ യൂറോപ്യന്മാർ രാഷ്ട്രീയാധികാരവും സൈനിക ശേഷിയും പ്രയോഗിച്ചത് കോളനിവൽക്കരണം എന്നറിയപ്പെടുന്നു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM.

## മുതലാളിത്ത രാജ്യങ്ങളെ കോളനികളിൽ മൂലധന നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങൾ?

-യൂറോപ്പിൽ തൊഴിലാളി സംഘടനകളുടെ രൂപീകരണം.

-ഇതിന്റെ ഫലമായി തൊഴിലാളികളുടെ കൂലി വർധിപ്പിച്ചതിനാൽ മുതലാളിമാരുടെ ലാഭത്തിൽ കുറവുണ്ടാക്കിയത്.

-കോളനിയിലെ തൊഴിലാളികളുടെ കുറഞ്ഞകൂലി.

-അസംസ്കൃത വസ്തുക്കളുടെ ലഭ്യത.

-കോളനികളിൽ ഉൽപാദിപ്പിച്ച് കോളനികളിൽ തന്നെ വിൽക്കുമ്പോഴുള്ള കുറഞ്ഞ ചെലവ്.

BIJU KK, HST SS, GHSS TUVVUR, MALAPPURAM.

# എന്താണ് സാമ്രാജ്യത്വം

-യൂറോപ്യൻ രാജ്യങ്ങൾ കോളനികളിലേയ്ക്ക് മൂലധനം കയറ്റുമതി ചെയ്ത കാലഘട്ടം സാമ്രാജ്യത്വം എന്നറിയപ്പെടുന്നു.

# സാമ്രാജ്യത്വത്തിന്റെ സവിശേഷതകൾ

-ഒരു രാജ്യം മറ്റൊരു രാജ്യത്തിനു മേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക ആധിപത്യം.

-ഇതിനു വേണ്ടി സാമ്രാജ്യത്വ ശക്തികൾ നിയമ വ്യവസ്ഥ, ഭരണ സംവിധാനം, സൈനിക ശക്തി എന്നീ ഘടകങ്ങൾ ഉപയോഗിച്ചു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM.

# കോളനിവൽക്കരണത്തിൽ നിന്നു സാമ്രാജ്യത്വം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു.

–യൂറോപ്യൻ രാജ്യങ്ങൾ ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളെ രാഷ്ട്രീയാധികാരവും സൈനിക ശേഷിയും ഉപയോഗിച്ച് സാമ്പത്തികചൂഷണം നടത്തി കോളനികളാക്കി മാറിയ പ്രക്രിയ കോളനിവൽക്കരണം എന്നറിയപ്പെട്ടു.

–യൂറോപ്യൻ രാജ്യങ്ങൾ കോളനികളിലേയ്ക്ക് മൂലധനം കയറ്റുമതി ചെയ്ത കാലഘട്ടം സാമ്രാജ്യത്വം എന്നറിയപ്പെടുന്നു.

BIJU KK,  HST SS, GHSS TUVVUR, MALAPPURAM.

# സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്?

–കോളനികളുടെ പരമ്പരാഗത സമ്പദ്വ്യവസ്ഥ തകർന്നു.

–ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.

–പരമ്പരാഗത ഭക്ഷ്യ വിളകൾക്ക് പകരം നാണ്യവിളകൾ കൃഷി ചെയ്യാൻ നിർബന്ധിതരായി.

–ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചു.

–പ്രകൃതിവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.

–തദ്ദേശീയമായ കലാ, സാഹിത്യം, ഭാഷ, സംസ്കാരം വിദ്യാഭ്യാസം തുടങ്ങിയവ തകർക്കപ്പെട്ടു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM.

# വ്യവസായ വിപ്ലവം ലോക രാഷ്ട്രങ്ങൾ തമ്മിൽ സംഘർഷങ്ങൾക്ക് കാരണമായതെങ്ങനെ?

–യൂറോപ്പിൽ വ്യാവസായിക വിപ്ലവത്തിന്റെ ഫലമായി ഉൽപ്പാദനം വൻതോതിൽ വർധിക്കുകയും അവ വിറ്റഴിക്കാൻ ആഭ്യന്തര കമ്പോളങ്ങൾ മതിയാകാതെ വരികയും ചെയ്തു.

–ഇത് യൂറോപ്യൻ രാജ്യങ്ങളെ കംമ്പോളങ്ങൾക്ക് വേണ്ടി മറ്റ ഭൂഖണ്ഡങ്ങളിൽ എത്തിച്ചു.

–കമ്പോളങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി അവർ യൂറോപ്പിലും മറ്റ ഭൂഖണ്ഡങ്ങളിലും മത്സരിച്ചു.

–ഈ മത്സരങ്ങൾ ലോക രാഷ്ട്രങ്ങൾ തമ്മിൽ സംഘർഷങ്ങൾക്ക് കാരണമാവുകയും യുദ്ധത്തിൽ കലാശിക്കുകയും ചെയ്തു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM.

# ഒന്നാം ലോക യുദ്ധം കാരണങ്ങൾ

-സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള തർക്കങ്ങൾ.
(കോളനികൾ നേടിയെടുക്കുന്നതിനുവേണ്ടി യൂറോപ്യൻ രാജ്യങ്ങൾ തമ്മിൽ നടന്ന മത്സരങ്ങൾ)

-സൈനിക സഖ്യങ്ങളുടെ രൂപീകരണം.
-തീവ്രദേശീയ പ്രസ്ഥാനങ്ങളുടെ രൂപീകരണം.

-സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ.
-ആസ്ട്രിയയുടെ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റ് കൊല്ലപ്പെട്ടത്.

BIJU KK, HST SS, GHSS TUVVUR, MALAPPURAM.

# സൈനിക സഖ്യങ്ങളുടെ രൂപീകരണം.

-സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള തർക്കങ്ങൾ
കോളനികൾ നേടിയെടുക്കുന്നതിനുവേണ്ടി യൂറോപ്യൻ
രാജ്യങ്ങൾ തമ്മിൽ നടത്തിയ മത്സരങ്ങൾ എന്നിവ
സൈനിക സഖ്യങ്ങളുടെ രൂപീകരണത്തിന് കാരണമായി

-ത്രികക്ഷി സഖ്യം,
-ത്രികക്ഷി സൗഹാർദം എന്നിവയാണ് സൈനികസഖ്യങ്ങൾ.

BIJU KK,  HST SS, GHSS TUVVUR, MALAPPURAM.




BIJU KK, HST SS, GHSS TUVVUR, MALAPPURAM.

## –ത്രികക്ഷി സഖ്യം:–

ജർമ്മനി,  ഇറ്റലി,  ആസ്ട്രിയ – ഹംഗറി.

## –ത്രികക്ഷി സൗഹാർദം:–

ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ.

BIJU KK,  HST SS, GHSS TUVVUR, MALAPPURAM.




BIJU KK, HST SS, GHSS TUVVUR, MALAPPURAM.

# തീവ്രദേശീയത.

-സ്വന്തം രാജ്യം മറ്റുള്ളവയെക്കാൾ ശ്രേഷ്ഠമാണെന്ന് കരുതുകയും സ്വന്തം രാജ്യം ചെയ്യുന്നതെല്ലാം ന്യായീകരിക്കുകയും ചെയ്യുന്നതാണ് തീവ്രദേശീയത.

-പാൻ സ്ലാവ് പ്രസ്ഥാനം,

-പാൻ ജർമൻ പ്രസ്ഥാനം,

-പ്രതികാര പ്രസ്ഥാനം.

എന്നിവ തീവ്രദേശീയ പ്രസ്ഥാനങ്ങൾക്ക് ഉദാഹരണമാണ്.



### പാൻ സ്ലാവ് പ്രസ്ഥാനം (Pan-Slav Movement)

കിഴക്കൻ യൂറോപ്പിലെ സെർബിയ, ബൾഗേറിയ, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിലെ സ്ലാവ് വംശജരെ തങ്ങളുടെ നേതൃത്വത്തിൽ ഏകീകരിക്കാൻ റഷ്യ ആഗ്രഹിച്ചു. അതിനായി ഈ മേഖലയിൽ റഷ്യൻ സഹായത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമായിരുന്നു പാൻ സ്ലാവ് പ്രസ്ഥാനം.

### പാൻ ജർമൻ പ്രസ്ഥാനം (Pan-German Movement)

മധ്യയൂറോപ്പിലും ബാൾക്കൻ മേഖലയിലും സ്വാധീനം ഉറപ്പിക്കുന്നതിനായി ജർമനി കണ്ടെത്തിയ മാർഗം ട്യൂട്ടോണിക് വർഗക്കാരെ ഏകോപിപ്പിക്കുക എന്നതായിരുന്നു. അതിനായി ജർമനിയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് പാൻ ജർമൻ പ്രസ്ഥാനം.

### പ്രതികാര പ്രസ്ഥാനം (Revenge Movement)

1871 ൽ ജർമനി ഫ്രാൻസിന്റെ പക്കൽനിന്ന് അൽസൈസ്, ലൊറൈൻ എന്നീ പ്രദേശങ്ങൾ കൈവശപ്പെടുത്തി. ഇത് തിരികെ പിടിക്കുന്നതിനായി ഫ്രാൻസിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് പ്രതികാര പ്രസ്ഥാനം.

ALL THE BEST

By

BIJU K K, GHSS TUVVUR
MALAPPURAM-Wandoor
9895695437